Queen's Voice @ 2019




Little Kite's
Digital Magazine

# Queen's Voice @2019

Mary Queen's H S
Kudianmala



# ആശംസ

കുടിയാൻമല മേരി ക്വീൻസ് ഹൈസ്കൂളിന്റെ ശ്രേയസ്സ് വാനോളം ഉയരുന്ന ശുഭനിമിഷങ്ങളിൽ മികവുറ്റതും വ്യത്യസ്തങ്ങളുമായ പ്രവർത്തനങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് Queen's Voice@2019 എന്ന വാർഷികപ്പതിപ്പിന് എല്ലാവിധ വിജയങ്ങളും നേരുന്നു. പഠന പാഠ്യേതര പ്രവർത്തനങ്ങളെ മികവുറ്റതാക്കുവാൻ കുട്ടികളോടൊപ്പം അദ്ധ്യാപകരും ഏറെ പരിശ്രമിക്കുന്നുണ്ട് എന്നത് അഭിനന്ദനാർഹമാണ്. കുടിയാൻമലയുടെ അഭിമാനതാരമായി ഉയർന്ന് പരിലസിക്കുന്ന പ്രിയവിദ്യാലയത്തിനും അവിടെ വിടർന്നു പരിലസിക്കുന്ന പ്രിയവിദ്യാർത്ഥികൾക്കും സ്റ്റാഫ് അംഗങ്ങൾക്കും, പി.ടി.എ കമ്മിറ്റിക്കും ആശംസകളും നന്മകളും നേരുന്നു.

ഫാ. ലാസർ വരമ്പകത്ത്
മാനേജർ, മേരി ക്വീൻസ് ഹൈസ്കൂൾ
കുടിയാൻമല



# ആശംസ

വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകൾ ഹൈടെക്ക് ആകുന്നതിനൊപ്പം കുട്ടികളും ആ മേഖലയിൽ നിപുണരാകേണ്ടതുണ്ട്. ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് വിവരസാങ്കേതികവിദ്യയിൽ കുട്ടികളെ കൂടുതൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുന്നു. കുടിയാന്മല മേരിക്യൂൻസ് ഹൈസ്കൂൾ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തില"ക്വീൻസ് വോയ്സ് @ 2019"എന്ന ഡിജിറ്റൽ മാസിക തയ്യാറാക്കുന്നു എന്നത് ഏറെ സന്തോഷകരമാണ്. അതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും കുട്ടികൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

അഡ്വ..ജോസഫ് ഐസക്ക്
ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്



മുഖമൊഴി

കുടിയാൻമല

സോഫിയ ജേക്കബ്
ഹെഡ്മിസ്ട്രസ്
മേരി ക്വീൻസ് എച്ച് എസ്

Queen's Voice @2019

# ആശംസ

മേരി ക്യൂൻസ്
ഹൈസ്കൂൾ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽ സന്തോഷം.ഈ ഹൈ ടെക്ക് യുഗത്തിൽ നമ്മുടെ കുട്ടികളെ കൈപിടിച്ച് നടത്തും വിധം അവരുടെ രചനകളെയും പ്രവർത്തനങ്ങളെയും ഉൾക്കൊള്ളിച്ച് ശ്രമകരമായ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുക എന്ന ദൗത്യം ഏറ്റെടുത്ത എഡിറ്റോറിയൽ ബോർഡിന് എല്ലാവിധ അഭിനന്ദനങ്ങൾ അറിയിക്കുകയും പി.റ്റി.എയുടെ ആശംസകൾ നേരുകയും ചെയ്യുന്നു.

സെബാസ്റ്റ്യൻ ജോസഫ്
പി.റ്റി.എ പ്രസിഡണ്ട്.

Queen's Voice @ 2019

# ദീപ്ത സ്മരണകൾ



കെ എ യോഹന്നാൻ

പ്രഥമ ഹെഡ്മാസ്റ്റർ

# ആ മഴയിൽ



അപ്പ മഴ  കുറഞ്ഞോ
വലിയ മഴയുടെ ശബ്ദത്തിനു നടുവിൽ
ആ വൃദ്ധയുടെ ശബ്ദം താഴ്ന്ന പോയി.
ഇല്ല മുത്തശ്ശി
അപ്പ മറുപടി നൽകി. നേരമിരുട്ടി തുടങ്ങി.
നാലുദിവസമായി മഴ തുടങ്ങിയിട്ട് എന്ന് വൃദ്ധ ഇടയ്ക്കിടെ പറയുന്നുണ്ട്. രണ്ടാംനിലയിൽ മുട്ടോളം വെള്ളമുണ്ട്. ഇരുട്ട്  കൂടിവന്നു .പേടിച്ചിരുന്ന  അപ്പ മുത്തശ്ശിയുടെ കൂടെ കട്ടിലിൽ തന്നെ ഇരുന്നു. മഴ, മാതൃസ്നേഹം ലഭിക്കാൻ അവസരം കിട്ടാത്ത അപ്പവിന് താങ്ങാവുന്നതിലും അധികമായിരുന്നു. രാത്രിയിലെ ഇരുട്ട് അവരുടെ ജീവിതത്തെ തന്നെ വിഴുങ്ങുന്നതായി തോന്നി .എന്നാൽ ഒറ്റയ്ക്കുനിൽക്കുന്ന നിലാവ് അവന് പ്രതീക്ഷ സമ്മാനിച്ചു .
സൂര്യൻ ഉദിച്ചുയർന്നു. എന്നാൽ മഴ അതിന്റെ പ്രഭയെ കീഴടക്കിയിരുന്നു. വലിയ ഒരു ശബ്ദം അവിടേയ്ക്ക് ഇരച്ചുകയറി. ഹെലികോപ്റ്റർ ചിറകുകളുടെ ആ ശബ്ദം തേടി അപ്പ കട്ടിലിൽ നിന്നെഴുന്നേറ്റു. കയ്യിലിരുന്ന ചുമന്നു തുവാല അവൻ ജനലിലൂടെ പുറത്തേക്ക് വീശി. ജീവൻറെ അടയാളം കണ്ട് രക്ഷാപ്രവർത്തകർ താഴെയിറങ്ങി .അപ്പവിനെ ഹെലികോപ്റ്ററിൽ കയറ്റി.

മുത്തശ്ശി രക്ഷിക്കാൻ അകത്തുകയറിയ രക്ഷാപ്രവർത്തന കർക്ക് പക്ഷേ കാണാൻ സാധിച്ചത് മഴയെ പ്രതിരോധിക്കാൻ കഴിയാതെ മരിച്ചുവീണ മുത്തശ്ശിയെ ആയിരുന്നു. ഇതെല്ലാം കണ്ടുനിന്ന അപ്പുവിന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ വീണു കൊണ്ടിരുന്നു ..ആ കണ്ണുനീരിനു വേദനയുടെ ഉപ്പു രസമുണ്ടായിരുന്നു....

ജോയൽ ജെയിംസ്

IX A





यहां एक नदी बहती थी

बहती दी वो यहां
लेकिन कहां खो गई अब
उसकी सारी खूबसूरत
और भावों के साथ
उड़ती थी चिड़िया वहा
सारी खुशियां और खुशबू
चली गई वहां से
बीच में आई किसी आदमी
अपने स्वार्थ के लिए
शूषण करते करते
मार डाला उसी को
मौत पी रही है वो
साथ कोई नहीं उसकी
रो रही है वह अब
सारी खूबसूरत नष्ट होकर
कैसे फूल सके मानव को
अपनी अपनी कर्तव्य

## ക്ഷേത്ര പ്രവേശന വിളംബരം
## 82-)o വാർഷികം



ഇരുപതാം നൂറ്റാണ്ടിൽ
വിദേശികളുടെ അടിമത്തത്തിൽ
നിന്നും അടിച്ചമർത്തലുകളിൽ
നിന്നും സ്വതന്ത്രമായി
വളർന്നുവന്ന രാജ്യമാണ് ഇന്ത്യ ഒപ്പം കൊച്ചു
കേരളവും. ലോകരാഷ്ട്രങ്ങൾക്കിടയിൽ
എല്ലാമേഖലകളിലും നേട്ടം കൈവരിക്കാൻ വളരെ
പെട്ടെന്ന് ഇന്ത്യക്കായി. അതിനായി കേരളത്തിലെ
പങ്കും വളരെ വലിയതാണ്. ദൈവത്തിൻറെ സ്വന്തം
നാട് എന്ന പേരിലറിയപ്പെടുന്ന കേരളത്തിലെ
ഭ്രാന്താലയമെന്ന് പേരുണ്ടായതും ഈ നാളുകളിലാണ്
എന്നതും ശ്രദ്ധേയം. 1897-ൽ മദ്രാസിൽ വെച്ച്
സ്വാമി വിവേകാനന്ദൻ പറഞ്ഞതിങ്ങനെ
ലോകത്തിൽ എന്നെങ്കിലും ഇത്തരമൊരു സംഭവം
ഉണ്ടായിട്ടുണ്ടോ? ഉയർന്ന ജാതിക്കാരൻ
കടന്നുപോകുന്ന അതേ അതേ തെരുവിലൂടെ താഴ്ന്ന
വിഭാഗത്തിന് കടന്നു പോകാൻ അനുവാദമില്ല.
മലബാറുകാരെല്ലാം ഭ്രാന്തന്മാർ ആണെന്നും
അവരുടെ ഭവനങ്ങൾ ഭ്രാന്താലയങ്ങൾ
ആണെന്നുമുള്ള അനുമാനം അല്ലാതെ മറ്റെന്താണ്

*Queen's Voice @ 2019*

വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം 1931-ൽ എല്ലാ വിഭാഗം ജാതിക്കാർക്കും പ്രവേശനം നൽകണമെന്ന് നിർദ്ദേശം മുന്നോട്ടുവച്ചു കൊണ്ടായിരുന്നു. ഇതിൽ നിരവധി ധീരൻമാരായ നേതാക്കൾക്ക് മർദ്ദനമേൽക്കുകയും തുടർന്ന് 1936 നവംബർ 12-ന് ക്ഷേത്രപ്രവേശന വിളംബരം പ്രഖ്യാപിക്കുകയും ചെയ്തു. ഇതിൻറെ എൺപത്തിരണ്ടാം വാർഷികമാണ് ഈ കഴിഞ്ഞ നവംബർ 12ന് കഴിഞ്ഞത്. വെറുമൊരു വാർഷികം അല്ല കേരളത്തിൽ വീണ്ടും ഉയർന്നുവരുന്ന വിവേചനങ്ങൾ കിടയിൽ ഒരു ഓർമ്മപ്പെടുത്തൽ നൽകുകയാണ് ഈ ദിനം.

ജാതിമതവർണ്ണലിംഗദേശ വിവേചനങ്ങൾ ഒരു മനുഷ്യനും ജനിച്ചപ്പോൾ അവന്റെ തലയിൽ ജാതിയോ മതമോ ഒന്നും രേഖപ്പെടുത്തിയിരുന്നില്ല, നിറം ആകട്ടെ അവരുടെ കുറ്റം കൊണ്ടല്ല ഏതു നിറക്കാരൻ ആയാലും ജനിക്കുന്നതും മരിക്കുന്നതും ഒക്കെ ഒരു പോലെ തന്നെ മതം എന്നാൽ സ്വന്തം മതത്തിൽ വിശ്വസിക്കുകയും അവരെ തള്ളിപ്പറയുകയും അല്ല പരസ്പരം ബഹുമാനിച്ചും മനുഷ്യനന്മയ്ക്ക് പ്രാധാന്യം നൽകണം.

ദൈവത്തിനുമുന്നിൽ സ്ത്രീയും പുരുഷനും തുല്യരാണ്. രണ്ടും ഉണ്ടെങ്കിലേ പ്രകൃതിയുമുള്ളൂ. ഒരേ അവകാശങ്ങളാണ് ഇരുവിഭാഗത്തിനും.

ഇന്നത്തെ കേരളം

എല്ലാമേഖലകളിലും കുതിച്ചുപായുന്ന കേരളത്തിൽ സ്ത്രീ പുരുഷ സമത്വത്തിന് സ്ഥാനം എവിടെയെന്ന് ചോദിച്ചാൽ വല്ലതും ഉണ്ടാകുമോ? ശബരിമല മുത്തലാക്ക് തുടങ്ങിയവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ് വിശ്വാസ ആചാര പാരമ്പര്യ സംരക്ഷണങ്ങൾ എന്ന പേരിൽ സമത്വത്തെ മറച്ചു വെക്കുമ്പോൾ മനുഷ്യ നന്മയാണ് ഇല്ലാതാവുന്നത്. എന്നെങ്കിലും ദൈവം ഇറങ്ങിവന്ന് സ്ത്രീകളെ മാറ്റിനിർത്തിയിട്ട് എന്നെ ആരാധിച്ചോളൂ എന്ന് പറഞ്ഞിട്ടുണ്ടോ? സ്ത്രീകൾ അശുദ്ധരാണെന്ന ചിന്തതന്നെ വളരെ വലുതാണ്. ഇന്ന് ജനിച്ചുവീഴുന്ന പെൺകുട്ടിയും അശുദ്ധയാണോ? സ്ത്രീകളെ പ്രവേശിപ്പിക്കരുതെന്ന് ഒരു വേദപുസ്തകത്തിലും പറഞ്ഞിട്ടില്ലയെന്ന് വളരെ പ്രസിദ്ധനായ മഠാധിപതി തന്നെ പറഞ്ഞിട്ടുണ്ട്. പിന്നെ ഇതിനെ പേരിൽ ഇവിടെ മനുഷ്യനന്മയെ താഴ്ത്തി കെട്ടുന്നത് നല്ലതാണോ?

*Queen's Voice @ 2019*

## ഹർത്താൽ കേരളത്തിന്റെ നന്മക്കോ?


ഭ്രാന്താലയം എന്ന പേരിന് ശേഷം ഇങ്ങനെ പലചോദ്യങ്ങളും കേരളത്തെ മോശമായി ചിത്രീകരിക്കാൻ സാധ്യതയുണ്ട് .വിശ്വാസ സംരക്ഷണം എന്ന പേരിൽ തന്നെ മൂന്നു മാസത്തിനിടയിൽ നിരവധി ഹർത്താലുകളാണ് വന്നത്. ഇങ്ങനെ പോയാൽ ഹർത്താൽ രഹിത ദിനങ്ങൾ പ്രഖ്യാപിക്കേണ്ടി വരും .ഹർത്താൽ ദിനം ആകട്ടെ ജനങ്ങൾക്ക് ദുരിതവും. പൊതുമുതൽ നശിപ്പിക്കൽ,കല്ലേറ്, ഗതാഗതതടസ്സം, പാർട്ടി ഓഫീസുകൾ വീടുകൾ തകർക്കൽ അങ്ങനെ നിരന്നിരയായി പോവുകയാണ്. ഇങ്ങനെപോയാൽ ജനങ്ങൾ വീടിനുള്ളിൽ തന്നെ അടച്ചിരിക്കേണ്ടി വരും. പ്രതികരിക്കാൻ എന്ന വ്യാജേന ഹർത്താൽ ദിനത്തിൽ പൂർണമായും കലാപമുണ്ടാക്കാനും സമാധാനാന്തരീക്ഷം തകർക്കാനുമാണ് ശ്രമിക്കുന്നത്. സ്ത്രീ സമത്വം കേരളത്തിൽ സ്ത്രീകളെ സമൂഹത്തിൽ എല്ലാ മേഖലകളിലും പരിഗണിക്കാനും ബഹുമാനിക്കാനും സംരക്ഷിക്കാനും സമൂഹത്തിന് കടമയുണ്ട് യാതൊരു ദയയും കൂടാതെ നിയമലംഘനങ്ങൾ നടക്കുമ്പോൾ

അവകാശങ്ങൾക്കായി സ്ത്രീകൾതന്നെ ധൈര്യപൂർവ്വം മുന്നോട്ടു വരണം .അവർക്കുവേണ്ട പ്രചോദനവും പ്രോത്സാഹനവും നൽകേണ്ടത് നമ്മുടെ ബാധ്യതയാണ് .അവരുടെ ആശയം സ്വീകരിച്ചും അവർക്ക് തുല്യ അവസരം കൊടുത്തും കേരളത്തിൽ സ്ത്രീകൾക്ക് വൻ മുന്നേറ്റം ഉണ്ടാക്കാൻ കഴിയണം. തുല്യാവകാശങ്ങൾ സ്ത്രീകൾക്ക് ഉറപ്പാക്കണം.

ഉപസംഹാരം

ജാതി ഒന്നാണ് എന്നതിന് തെളിവൊന്നും വേണ്ടല്ലോ. ഒരു പട്ടി വേറൊരു പട്ടിയെ കണ്ടാൽ അതിനെ സ്വന്തം ജാതിയാണെന്ന് മനസ്സിലാക്കുന്നു .എല്ലാ മൃഗങ്ങൾക്കും ഈ വകതിരിവുണ്ട്. അതനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യർക്ക് മാത്രം സംശയം, സ്വന്തം ജാതി തിരിച്ചറിയുന്നതിനുള്ള ശക്തി ഇല്ല. മൃഗങ്ങളെക്കാളും മോശം. ശ്രീനാരായണഗുരുവിനെ വാക്കുകളാണ് ഇവ. ക്ഷേത്രപ്രവേശനവിളംബരം സമൂഹത്തിന്റെ ഒത്തൊരുമക്കായിരുന്നു. ജാതിവിവേചനങ്ങൾക്കെതിരെ എന്നാൽ ഇന്ന് സ്ത്രീ സമത്വമാണ് കാലത്തിനനുസരിച്ച് ഏറ്റവും വലിയ ആവശ്യം. സ്ത്രീയ്ക്കും പുരുഷനും തുല്യ അവകാശം. സ്ത്രീകളോട് പലയിടങ്ങളിലും കണ്ട് വിവേചനങ്ങൾ തുടച്ചുനീക്കാനാണ് ഈ എൺപത്തി രണ്ടാം വാർഷികം ഓർമിപ്പിക്കുന്നത്.

# തളരില്ലൊരിക്കലും



ഹേമന്തഗ്രീഷ്മശരത്ക്കാലങ്ങളങ്ങനെ
വിരഹദു:ഖങ്ങളഭിമുഖീകരിക്കവേ
കാലത്തിൻ കാല്പാടുകൾക്കുമീതെ
പതിയുന്നൂ മാനവചെയ്തികൾ
മധുതേടി കാടിറങ്ങിയോരു ജീവനെ
കാട്ടാളനവൻ കള്ളം പറഞ്ഞു പറഞ്ഞയച്ചു....
പാതിവിടരാത്ത പെൺകിടാങ്ങളെ
തിരഞ്ഞു പിഴുതുരസിച്ചതുമവൻ...
ഭരണാഗ്രഹംപേറി, സകലജീവാധികാരിയായി
കൊന്നും കൊടുത്തും നിർജ്ജീവമാകകുന്നു
നീതിയും...
അന്ത്യത്തിലങ്ങനെ തണലേകിടുന്നൊരീ മേഘങ്ങൾ
സൂര്യദേവൻ തൻ കോപാഗ്നിയാൽ പുകഞ്ഞു,
രോഷമൊട്ടാകെ കരഞ്ഞുതള്ളി...
എങ്കിലുമേ മാനവഭാവത്തിനേതുമേ
മാറ്റം കുറിക്കാൻ
പെയ്തൊരു മിഴിനീരിനാകുമെന്നതിൽ
തീർച്ചയില്ല...

## കടൽ



പെയ്തിറങ്ങുന്ന മഴയിൽ
മുറ്റത്തുകൂടി കുത്തിയൊലിക്കുന്ന
വെള്ളം നോക്കി ചോയിച്ചി
ഉമ്മറത്തിരുന്നു . കുട്ടന് ആറ്
വയസ്സ് തികയുകയാണ്.
ശക്തമായ കാറ്റിൽ വൃക്ഷങ്ങൾ തലകുനിച്ചു.
പേമാരിയിലും ചോയിച്ചിയുടെ മനസ്സിൽ തി
കത്തുന്നുണ്ടയിരുന്നു. മുറ്റത്ത് കെട്ടിക്കിടക്കുന്ന
വെള്ളത്തിൽ ശക്തമായ ചവിട്ടിക്കൊണ്ട് കുട്ടൻ
വീട്ടിലേക്ക് ഓടി വന്നു. ചോയിച്ചി പിഞ്ഞിക്കീറിയ തന്റെ
തോർത്തുകൊണ്ട് അവന്റെ തല തുവർത്തി കൊടുത്തു
കുട്ടൻ കൈയിലിരുന്ന അരി ചോയിച്ചിക്കുകൊടുത്തു.
" രാധേച്ചി എന്ത് പറഞ്ഞു?"
" ഒന്നും പറഞ്ഞില്ലാ. അരി തന്നു."
"ങ്ഹും"
"പിന്നെ ചേച്ചി ചോദിക്കുവാ സ്കൂളിൽ പോകുന്നില്ലേന്ന് ,
മുത്തശ്ശി എന്നേം സ്കൂളിൽ വിട്ടുമോ? "
ചോയിച്ചി നെടുവീർപ്പിട്ടു. സ്കൂളിൽ വിട്ടാൽ തന്നെ

പുസ്തകത്തിനും മറ്റും കാശ് കൊടുക്കണം.

" എപ്പളാ സ്കൂൾ തുറക്കുന്നേ? "

" മറ്റന്നാള് "

"അതിന് നിനക്ക് സ്കൂളിൽ പോകുവാൻ പുസ്തകം വേണ്ടേ ,കുട്ടാ?"

" ആ വേണം"

പുസ്തകത്തിന് എന്ത് ചെയ്യുമെന്ന് അറിയാതെ ചോയിച്ചി വിഷമിച്ചു. വാർദ്ധക്യം കാർന്നുതിന്ന അവരുടെ ദുർബലമായ ശരീരം കൊണ്ട് ഒന്നും വയ്യാതെ ആയിരുന്നു.

" നീയാ രാമൻറെ കുട്ടിയോട് ചെന്ന് ചോദിക്ക് അവൻറെ കയ്യിൽ കാണും. അവനിപ്പോ എത്രയിലാ പഠിക്കണേ"

" ആ ...വലിയ ക്ലാസ്സിലാ"

കുട്ടൻ രാമന്റെ വീട്ടിലേക്ക് നടന്നു. വീട് കണ്ട് കുട്ടൻ അമ്പരന്നു.

" ചേച്ചി"

" എന്താ കുട്ടാ "

"ചേട്ടന്റെ പഴയ പുസ്തകം തരാമോ "

" ങാ... ഞാൻ നോക്കട്ടെ നീ ഇനി എത്രയിലേക്കാ?"

"ഒന്നില് "

Queen's Voice @ 2019

രാമന്റെ ഭാര്യ അകത്തേക്ക് കയറിപോയി. ഒരു കെട്ട് പുസ്തകവുമായി അവർ പുറത്തേക്കുവന്നു.
" അടുത്തയാഴ്ച വല്ല ആക്രിക്കാർക്കും കൊടുക്കാം എന്ന് കരുതിയതാ. ഇന്നാ??"
കുട്ടൻ അത് വാങ്ങിച്ചു. അതുമായി വീട്ടിലേക്കു ഓടി.
വീട്ടിൽ ചെന്നു തുറന്നുനോക്കി. ഏതൊക്കെയോ അക്ഷരങ്ങൾ നീണ്ടുകിടക്കുന്നു. ഒന്നാം പേജിൽ തന്നെ കത്തിവരച്ചിരിക്കുന്നത് കണ്ടപ്പോൾ അവന്റെ കണ്ണു നിറഞ്ഞു. അവന് പുസ്തകങ്ങളെ തന്നെ കട്ടിലിൽ വച്ചു എന്നിട്ട് വെറുതെ മറിച്ചുനോക്കി കൊണ്ടിരുന്നു. അതുകണ്ടപ്പോൾ മഞ്ഞനിറം ബാധിച്ചുപോയ ചോയിച്ചിയുടെ കണ്ണുകളിൽ പ്രതീക്ഷയുടെ കടൽ ആർത്തിരമ്പി.

ആൽഡോ സിബി
X A

# ജൂൺ 1




## പരിസ്ഥിതി ദിനം

## ജൂൺ 5






# വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ

# പഠന യാത്ര






Queen's Voice @ 2019

# സംസ്ഥാന ബോക്സിംഗ്
# ചാമ്പ്യൻ
# അഖിൽ എം ജെയ്സൺ



*Queen's Voice @ 2019*

# വിവിധ പ്രവർത്തനങ്ങൾ



## മേരി ക്യൂൻസ് ലെ അനുഭവങ്ങളിലൂടെ....



2016 ജൂൺ ഒന്നിനാണ് ഞാൻ മേരി ക്വീൻസ് ഹൈസ്കൂളിൽ എത്തുന്നത് ഒരുപാട് തവണ കണ്ടതാണെങ്കിലും ബാല്യകാലങ്ങൾ പങ്കുവെച്ച സ്കൂൾ ഉപേക്ഷിച്ചതിലുള്ള നിരാശയും പരിചയമില്ലാത്ത ഒരു സ്കൂളിലേക്ക് കടന്നുവരുന്നതിന്റെ ആശങ്കയും അന്ന് എനിക്കുണ്ടായിരുന്നു എന്നാൽ സന്തോഷത്തിന്റെ നറു പുഞ്ചിരി തൂകി എന്റെ നിരാശകൾ അകറ്റാൻ മേരി ക്വീൻസിലെ എന്റെ അധ്യാപകർക്ക് സാധിച്ചു എട്ടാം ക്ലാസ്സിൽ എന്റെ ക്ലാസ് ടീച്ചറായി എത്തിയത് ബിൻസി ടീച്ചറായിരുന്നു ടീച്ചറിലൂടെയാണ് സ്കൂളിനെക്കുറിച്ച് കൂടുതൽ അറിയുവാൻ സാധിച്ചതെന്ന് ഞാനോർക്കുന്നു മാതാപിതാക്കളെപ്പോലെ എന്നും സ്നേഹത്തോടെ നല്ലതുമാത്രം വരണമെന്നാഗ്രഹിച്ച് ജീവിതത്തിൽ പ്രോത്സാഹിപ്പിച്ച് വിജയത്തിന്റെ വഴിയേ നയിച്ചവരാണ് എന്റെ അധ്യാപകർ പഠനത്തിനു പുറമേ നാം കാത്തുസൂക്ഷിക്കേണ്ട മൂല്യങ്ങളെ കുറിച്ച് അവർ പറഞ്ഞു തരികയുണ്ടായി ഓരോ ക്ലാസ്സും ഓരോ തരത്തിലാണ് എന്നെ സ്വാധീനിച്ചത്

കണക്കുകളിലൂടെ കുഴപ്പിക്കുകയും എന്നാൽ രസകരമാക്കി തീർക്കുകയും ചെയ്യുന്ന കണക്ക് ക്ലാസുകൾ കൂട്ടുകാരോടൊത്ത് കളിചിരികൾ പങ്കുവെക്കാൻ ഓടിയെത്തുന്ന പി ടി പീരിയഡുകൾ ഭാഷകളിലൂടെയും ശാസ്ത്ര ങ്ങളിലൂടെയും കടന്നുപോകുന്ന മറ്റു ക്ലാസ്സുകൾ അറിവുകൾ തരുന്നതിനപ്പുറം ചിന്തിക്കാൻ കൂടിയും പഠിപ്പിച്ചുവെന്ന് ഇപ്പോൾ എനിക്ക് മനസ്സിലാവുന്നു ഇവയെല്ലാമപ്പുറം എന്റെ സ്കൂൾ ജീവിതത്തിൽ ഞങ്ങൾ തീർത്ത സൗഹൃദം ഞാൻ ഓർത്തുപോകുന്നു വിവിധ സ്കൂളുകളിൽ നിന്നായി എത്തിയ പല വിദ്യാർത്ഥികൾ മൂന്നുകൊല്ലം അവരോടൊപ്പം ഒരുമിച്ച് ആശയങ്ങൾ പങ്കു വയ്ക്കാൻ ഈ സ്കൂൾ ജീവിതം വഴിയൊരുക്കി ഒഴിവു സമയങ്ങളിലും പഠന വേളകളിലും ഒരുമിച്ച് ആശയങ്ങൾ പങ്കു വെച്ചും ഉച്ചഭക്ഷണ സമയങ്ങളിൽ മരച്ചുവട്ടുകളിലും മറ്റും സ്ഥാനം പിടിച്ചുപറ്റി പരസ്പരം പങ്കുവച്ച് കഴിച്ചതും എന്നും ഓർമ്മിക്കും.....

ക്രിസ്റ്റീന മാത്യു
X A

Queen's Voice @ 2019

# ക്രിസ്മസ് ആഘോഷങ്ങൾ







## ലിറ്റിൽ കൈറ്റ്സ് സബ് ജില്ലാ ക്യാമ്പീൽ
## നമ്മുടെ വിദ്യാർത്ഥികൾ



*Queen's Voice @ 2019*

നന്ദി.......

*Queen's Voice @ 2019* നെ
അണിയിച്ചൊരുക്കാൻ
അരങ്ങിലും അണിയറയിലും
പ്രചോദനമായവർക്ക്........

*Queen's Voice @ 2019* നെ
മനോഹരിയാക്കുവാൻ
സൃഷ്ടിയുടെ നോവിൽ പിടഞ്ഞവർക്ക്.......

*Queen's Voice @ 2019* നെ
യാഥാർത്ഥ്യമാക്കിയ
ലിറ്റിൽ കൈറ്റ്സ് പഠനാനുഭവങ്ങൾക്ക്......

നന്ദി...

നന്ദി......